LIBRARY ARCHIVES Kerala Legislative Assembly

അത് എങ്ങനെയായാലും പോസ്റ്റ്മോർട്ടം നടത്തിയല്ലേ പറ്റുകയുള്ളൂ. ഒരുപാട് കേസുകളുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് എന്റെ മണ്ഡലത്തിലായതിനാൽ മെമ്പർമാർ തന്നെ രാത്രിയിലും വിളിക്കും. ഇന്നലെ വഴിയിൽ വച്ച് മരിച്ചതാണ്, ഒന്ന് വിട്ടുകൊടുക്കാൻ പറയണം. എന്നു പറഞ്ഞ്. പക്ഷേ സാധിക്കില്ല. ഇൻക്വസ്റ്റും റിപ്പോർട്ടും തയ്യാറാക്കാൻ ഒരു പോലീസുകാരൻ ഉണ്ടായാൽ മതി. അത് സംഭവിച്ച സ്ഥലത്തുനിന്ന് പോലീസുകാരെ കൊണ്ടുവരണം എന്നു പറഞ്ഞ്, കോഴിക്കോട് മെഡിക്കൽ കോളേജിൽ വച്ച് മരിച്ചയാൾ മാനന്തവാടിയിൽപെട്ട അഡ്രസ്സ് ആണെങ്കിൽ അവിടെയുള്ള പോലീസുകാരനെ ടാക്സിയിലാണ് കൊണ്ടു വരുന്നത്. അതിനുള്ള ഭാരിച്ച ചെലവ് സാധാരണക്കാർക്ക് ഉണ്ടാകുന്നു. മരണം ഏതായാലും സംഭവിച്ചു പോയി. ഇതൊരു അസ്വാഭാവിക മരണമല്ല എന്ന് എഴുതിക്കൊടുക്കാം എന്നു പറഞ്ഞ് അവർ കാലുപിടിച്ചു കരയുകയാണ്. ഏതായാലും മരണം സംഭവിച്ചുപോയി. ഇനി പോസ്റ്റ്മോർട്ടം ആവശ്യമില്ല സ്വാഭാവിക മരണമാണ് എന്നു പറഞ്ഞിട്ട് മനസിലാകുന്നില്ല . അതുകൊണ്ട് ഇൻക്വസ്റ്റ് നടത്തുന്നതിൽ പാകപ്പിഴയുണ്ടാകുന്നു. ഈ അടുത്തു വരെ റയിൽ അപകടത്തിൽ മരിച്ചയാളെ ബോംബെ ജെ.ജെ. ഹോസ്പിറ്റലിൽ വച്ച് രാത്രിയാണ് പോസ്റ്റ്മോർട്ടം ചെയ്ത് ബോഡി വിട്ടുകൊടുത്തത്. അതുപോലെ കർണ്ണാടകയിലും നിയമം ഉണ്ടാക്കിയിട്ടുണ്ട്. പോസ്റ്റ്മോർട്ടം ചെയ്യുന്ന ഡോക്ടർമാർക്ക് പകലാണെങ്കിൽ 300 രൂപയും രാത്രിയാണെങ്കിൽ 500 രൂപയുമായി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ട് പോസ്റ്റ്മോർട്ടം രാത്രികാലങ്ങളിലും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എ. കെ. ആന്റണി: ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം അതിഗൗരവമായി ഉന്നയിച്ച സാഹചര്യത്തിലും സഭയിലെ മറ്റ് അംഗങ്ങൾ അങ്ങ് പറഞ്ഞതിനോട് വളരെ അനുകൂലമായ നിലപാട് സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിലും അയൽ സംസ്ഥാനങ്ങളിൽ ഇപ്പോൾ തുടർന്നു വരുന്ന-കർണ്ണാടക ഉൾപ്പെടെയുള്ള-നടപടിക്രമം അടിയന്തിരമായി അന്വേഷിക്കാം. അതിന്റെ അടിസ്ഥാനത്തിൽ നിയമത്തിൽ അനുവദിക്കുന്ന നിലയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കാം.

IV. സബ്മിഷൻ

(1) കോവളം കൊട്ടാരം ചരിത്ര സ്മാരകമായി ഏറ്റെടുത്തു സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഐ.ടി.ഡി.സി. ഹോട്ടൽ, ഏതാണ്ട് 400 കോടിയിൽപരം രൂപ വിലമതിക്കുന്ന ഹോട്ടൽ കേന്ദ്ര ഗവൺമെന്റ് 44 കോടി രൂപയ്ക്കാണ് ഗൾഫാർ എന്ന സ്വകാര്യ കമ്പനിക്ക് കൈമാറിയത്. അത് സംബന്ധിച്ച് അന്ന് ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നിരുന്നു. എന്നാൽ ആ ഐ.ടി.ഡി.സി.യുടെ സ്ഥാപനത്തിനോടൊപ്പം കോവളം കൊട്ടാരം കൂടി അതിന്റെ ഉടമ കൈവശപ്പെടുത്തി ഇപ്പോൾ ഒരുകൊല്ലക്കാലമായി അദ്ദേഹം വാടക പിരിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ കൈവശമുള്ള രേഖകൾ

പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടും ഇതുവരെ അത് പുറത്തു കൊണ്ടുവന്നിട്ടില്ല. ഇതുവരെ പുറത്തു വന്ന രേഖകൾ നോക്കുമ്പോൾ 16 ഹെക്ടർ സ്ഥലത്താണ് വില്ലേജ് ഓഫീസിൽ അദ്ദേഹം നികുതി കൊടുക്കുന്നതായുള്ള രേഖകളുള്ളത്. ഏകദേശം പത്ത് ഏക്കറോളം വരുന്ന കൊട്ടാരവും പരിസര പ്രദേശങ്ങളും അതിൽ പെടുന്നതല്ല എന്ന് രേഖകൾ കൊണ്ട് വ്യക്തമായിരിക്കുന്ന സാഹചര്യത്തിൽ എന്തുകൊണ്ടാണ് വളരെ പ്രശസ്തമായ വാസ്തു വിദ്യാ ശില്പത്തിന് പ്രസിദ്ധമായ കോവളം കൊട്ടാരം, അത് ഇപ്പോഴുള്ള തലമുറയ്ക്കും ഭാവി തലമുറയ്ക്കും എല്ലാംതന്നെ എന്നന്നേയ്ക്കുമായി അനുസ്മരിക്കാൻ കഴിയത്തക്ക സ്ഥാപനമായി കാത്തുസൂക്ഷിക്കാനുള്ള ബാദ്ധ്യത നമ്മിൽ നിലനിൽക്കുമ്പോൾ, വലിയ അശ്രദ്ധയോടുകൂടിയ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. 44 കോടിക്കാണ് ഞാൻ വാങ്ങിയത് എന്ന് പറയുന്നത് ശരിയല്ല, എനിക്ക് നിരവധി കോടികൾ പിന്നെയും ചെലവായിട്ടുണ്ട് എന്ന് ഗൾഫാർ പറഞ്ഞുകൊണ്ടിരിക്കുന്നതായാണ് കേട്ടത്. ഈ കോടികൾ എവിടെയൊക്കെയാണ് എത്തിയിട്ടുള്ളത് എന്നു നോക്കുമ്പോഴാണ് അതിൽ ഗവൺമെന്റിന്റെ അശ്രദ്ധയുടെ സ്വഭാവം കാണുന്നത്. ഇതു സംബന്ധിച്ച് എന്തുകൊണ്ടാണ് ഇതുവരെ ശക്തമായ ഒരു നടപടി സ്വീകരിക്കാതിരുന്നതെന്ന് മനസ്സിലാകുന്നില്ല. തലസ്ഥാനത്തുതന്നെ ഗവണ്മെന്റിന്റെ സ്ഥലം ഇത്തരത്തിൽ ആർക്കും കൈയേറാവുന്ന വിധത്തിൽ കൈയേറി ആദായമെടുക്കുന്ന വിധത്തിൽ തിരിഞ്ഞുനോക്കാത്ത സ്ഥിതിയുണ്ടായതിന്റെ കാരണം മനസ്സിലാകുന്നില്ല. ഇതു സംബന്ധിച്ച് കോവളം കൊട്ടാര സംരക്ഷണ സമിതി ഇതിനകം രൂപം കൊള്ളുകയും ആ സമിതി തിരുവനന്തപുരത്തെ എം.പി.-യുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തതായിട്ട് പത്രവാർത്ത കാണാനിടയായി. എന്നിട്ടും പ്രബലന്മാരുടെ മുമ്പിൽ ഗവണ്മെന്റ് നിസ്സഹായമായി നോക്കി നിൽക്കുന്ന അനുഭവമാണ് കാണുന്നത്. എന്തുകൊണ്ടാണ് ഇത് ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. ഗവണ്മെന്റും മുഖ്യമന്ത്രിയും ഇനിയും ഇത്തരത്തിലുള്ള അവഗണനാപരമായ സമീപനമാണ് സ്വീകരിക്കുന്നതെങ്കിൽ കേരളത്തിനാകെ ഇത് അപമാനകരമാണ്. ജനങ്ങൾക്കാകെ അപമാനകരമാണ്. ഗവണ്മെന്റിന് അവകാശപ്പെട്ട, പൊതുജനങ്ങൾക്ക് അവകാശപ്പെട്ട ഭൂമി ഇത്തരത്തിൽ ധിക്കാരപരമായ നിലയിൽ കൈയേറ്റം നടത്തി അതിൽ നിന്ന് ആദായം പറ്റി ധാർഷ്ട്യത്തോടുകൂടി കഴിയുക എന്നത് ജനങ്ങൾ ഏറെക്കാലം സഹിക്കുമെന്ന് കരുതരുത്. ഇതുസംബന്ധിച്ച് ഗവണ്മെന്റ് ആവശ്യമായ സത്വര നടപടികൾ ഇനിയും താമസിയാതെ കൈക്കൊള്ളണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അനുസ്മരിപ്പിക്കാനുള്ളത്.

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): കോവളം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് പല തർക്കങ്ങളും ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ ഈ കാര്യം നിയമവകുപ്പും മറ്റ് അനുബന്ധവകുപ്പുകളുമായി ചേർന്ന് വിശദമായി പരിശോധിക്കുന്നതാണ്. ഇതിന്റെ എല്ലാ വശങ്ങളും വിശദമായി പരിശോധിച്ചശേഷം മാത്രമേ ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുകയുള്ളൂ. കൊട്ടാരത്തിന്റെ കൈമാറ്റം സംബന്ധിച്ച് സർക്കാർ ഇതുവരെ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ യാതൊരു ഉത്കണ്ഠയ്ക്കും അവകാശമില്ല.

LIBRARY ARCHIVES Kerala Legislative Assembly